


# വിജയത്തിലേക്കുള്ള പടികൾ

ഒരു ഗ്രാമത്തിൽ ലീന എന്ന പെൺകുട്ടിയുണ്ടായിരുന്നു. അവൾ ജനിച്ച് ഒരു വയസ്സാകുന്നതിനു മുമ്പ് തന്നെ അവളുടെ അമ്മ മരണപ്പെട്ടു. പിന്നെ അച്ഛനായിരുന്നു അവളുടെ അച്ഛനും അമ്മയുമെല്ലാം. അച്ഛൻ അവളെ നല്ലതുപോലെ വളർത്തി. സൽസ്വഭാവിയും സത്യസന്ധയുമായി അവൾ ആ നാട്ടിൽ മാലാഖയെപ്പോലെ വളർന്നു. അങ്ങനെയിരിക്കെ അവിടെ മാരകമായ ഒരു രോഗം പടർന്നു.

ആ അസുഖം ബാധിച്ച് അവളുടെ താങ്ങും തണലുമായിരുന്ന അച്ഛൻ കിടപ്പിലായി. നീ നല്ലതുപോലെ വളരണം എന്നും ചീത്ത കൂട്ടുകെട്ടിൽ പെടരുത് എന്നുമെല്ലാം അച്ഛൻ മരണക്കിടക്കയിൽ അവളോട് പറഞ്ഞു. അതിനുശേഷം അച്ഛൻ അവളുടെ മടിയിൽ കിടന്ന് മരണപ്പെട്ടു.

സങ്കടം സഹിച്ച് അവൾ ജീവിതം മുന്നോട്ടു നയിച്ചു. നാട്ടിലെ സാംസ്കാരിക സംഘടന അവളുടെ ജീവിതചെലവുകളെല്ലാം ഏറ്റെടുത്തു. പഠിക്കാൻ മിടുക്കിയായതിനാൽ അവൾക്ക് സ്കോളർഷിപ്പ് കിട്ടി. അങ്ങനെ അവൾ നന്നായി പഠിച്ച് ഉയരങ്ങളിലെത്തി.

സ്കൂളിൽ അധ്യാപികയായി അവൾ ജോലിക്ക് കയറി. എല്ലാ കുട്ടികൾക്കും അവളെ നല്ല ഇഷ്ടമായിരുന്നു. അങ്ങനെ വളരെ സംതൃപ്തിയോടെയും സന്തോഷത്തോടെയും ലീന ജീവിച്ചു.

സത്യസന്ധതയും അർപ്പണബോധവും വിജയത്തിലേക്കുള്ള പടികളാണെന്ന് ലീനക്ക് മനസ്സിലായി. അതവൾ സ്കൂളിലെ കുട്ടികളോട് എപ്പോഴും പറയാറുണ്ട്.

**വഫ സിത്താര വാഹിദ്**
**ക്ലാസ് 7**
**ജി.യു.പി. സ്കൂൾ, കുറുമ്പലങ്ങോട്**



**നെഷ്വ നെസ്റിൻ കെ.എസ്, ക്ലാസ് 8**
**അൻസാർ ഇംഗ്ലീഷ് സ്കൂൾ, പെരുമ്പിലാവ്**



**സനദ് .ടി, ക്ലാസ് 4**
**അൻസാർ ഇംഗ്ലീഷ് സ്കൂൾ**
**പെരുമ്പിലാവ്**



**ദിയ മുഹമ്മദ് കോയ, ക്ലാസ് 5**
**അൻസാർ ഇംഗ്ലീഷ് സ്കൂൾ, പെരുമ്പിലാവ്**

**സുപ്രീം കോടതിയിലെ ആദ്യ വനിതാ ജഡ്ജി– ഫാത്തിമാ ബീവി**

## കണ്ണുനീർ

എനിക്കെന്താകണമെന്ന്
നീ ചോദിച്ചാൽ
എനിക്ക് നിന്റെ
കണ്ണീരാകണം.
കാരണം നിന്റെ
മനസ്സിന്റെ
ആഗ്രഹപ്രകാരം
കണ്ണിൽ ജനിച്ച് കവിളിൽ ജീവിച്ച്
ചുണ്ടിൽ വീണ് മരിക്കാമല്ലോ!

**ഹിബ എ.എം, ക്ലാസ് – 9**
**വിമല ഹൃദയ സ്കൂൾ, പട്ടത്താനം, കൊല്ലം**



**മെഹർസജീഹ്, ക്ലാസ് – 8**
**ജി.എം.യു.പി സ്കൂൾ കൊണ്ടോട്ടി**

## കൃഷിക്കാരനെ സഹായിച്ച കാറ്റ്

യൂറോപ്പിലെ നല്ല തണുപ്പുള്ള ഗ്രാമത്തിൽ ഒരു കർഷകൻ ജീവിച്ചിരുന്നു. അയാൾ രാവിലെ തോട്ടത്തിൽ പോകുമ്പോൾ ഒരു വലിയ കോട്ടും ഇട്ടാണ് പോകാറ്. ഒരു ദിവസം പണിക്കിടയിൽ അയാൾ കോട്ട് ഒരിടത്ത് ഊരിവെച്ചു.

അപ്പോൾ അതുവഴി വന്ന ഒരു കുസൃതിക്കുരങ്ങൻ ആ കോട്ടും എടുത്ത് മരത്തിൽ കയറി. കൃഷിക്കാരൻ എത്ര ശ്രമിച്ചിട്ടും കുരങ്ങൻ കോട്ട് തിരിച്ച് കൊടുത്തില്ല. ഇതെല്ലാം കണ്ടുകൊണ്ടിരുന്ന കാറ്റിന് പാവം തോന്നി.

അവൻ നന്നായൊന്ന് ആഞ്ഞു വീശി. കുരങ്ങന്റെ കൈയിൽ നിന്നും കോട്ട് പറന്നുപോയി കൃഷിക്കാരന്റെ അടുത്ത് വന്നുവീണു. കൃഷിക്കാരന് സന്തോഷമായി. അയാൾ കാറ്റിന് നന്ദി പറഞ്ഞു.

**മുഹമ്മദ് നിജാദ്, സി.കെ**
**ക്ലാസ്– 3**
**ടി. ഐ. സി സെക്കന്ററി സ്കൂൾ, തിരൂർ**




## അർപ്പണ ബോധം

ഈ ലക്കം പൂമൊട്ടിൽ വഫ സിത്താര എഴുതിയ കഥ വായനക്കാരിൽ ശുഭാപ്തി വിശ്വാസം ഉളവാക്കുന്നതാണ്. ജീവിതയാത്രയിൽ തളർന്നു പോകുന്ന അനേകം അനുഭവങ്ങളിലൂടെ കടന്നുപോയിട്ടും ഇതിലെ ലീന എന്ന പെൺകുട്ടിക്ക് ജീവിത വിജയത്തിലേക്കെത്താൻ കഴിഞ്ഞു. വളരെ പ്രചോദനകരമാണ് ഈ കൊച്ചു കഥ. കണ്ണീർ എന്ന കവിത കുറച്ചുവരികളേയുള്ളൂവെങ്കിലും അത് കവിത്വത്തിന്റെ കാന്തിക ശക്തി പകരുന്നു. ആ കവിതയുടെ ഉള്ളിലേക്ക് ചെന്നെത്തിയാൽ മാത്രമേ അതിന്റെ മധുരം നമുക്ക് നുകരാനാകൂ... ഉറച്ച തോടുള്ള കനികൾക്കുള്ളിലെ മധുരവെള്ളം പോലെ ഈ കവിതയുടെ ഉള്ളിലേക്ക് നാം ആഴ്ന്നു പോകുന്തോറും അനുഭൂതികളിലാഴുന്നു.

സസ്നേഹം

● മാഷ്

▸▸ ഇന്ത്യയിലെ ആദ്യ വനിതാ പോലീസ് സ്റ്റേഷൻ– കോഴിക്കോട് (1973)